**തിരുവനന്തപുരം ജില്ലാ കളക്ടർ (I/C) നടപടിക്രമം**
**( ഹാജർ : ബീന .പി. ആനന്ദ് )**

കെ3/574151/23

**തീയതി 05 . 03. 2025**

===========================================================

വിഷയം: പൊന്നുംവില - പൊന്നുംവില- നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റീച്ച്-2 (മുള്ളിലവിൻ മൂട് മുതൽ കുളക്കോട് വരെ) പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കൽ - 2013 ലെ RFCTLARR ആക്ടിലെ വകുപ്പ് 15(3) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി നൽകി സമുചിത സർക്കാർഉത്തരവാകുന്നു.

പരാമർശം: 1. 16/12/24 ലെ 3991-)0 നമ്പർ കേരള അസാധാരണ ഗസറ്റ് വിജ്ഞാപനം

2. പൊന്നുംവില (ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ 01/03/25 ലെ എ6/594/2024 നമ്പർ റിപ്പോർട്ട്.

---

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റീച്ച്-2 (മുള്ളിലവിൻ മൂട് മുതൽ കുളക്കോട് വരെ) പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി 0.5550 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

പ്രാരംഭ വിജ്ഞാപനത്തിന്മേൽ ഒരു ആക്ഷേപം ലഭ്യമായിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച് കക്ഷിയെ നേരിൽ കേട്ട് അർത്ഥനാധികാരിയുടെ അഭിപ്രായം സഹിതം പരാമർശം (2) പ്രകാരം പൊന്നുംവില ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ലഭ്യമായ അപേക്ഷയുടെ വിവരം ചുവടെ ചേർക്കുന്നു.

ശ്രീ. ഹിതപാലൻ നായർ. ആർ, കൃഷ്ണകൃപ, ഇടത്തറ, അരുവിക്കര എന്ന കക്ഷി നൽകിയിരുന്ന അപേക്ഷയിൽ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ടിയാളുടെ വീടിന്റെ പടിക്കെട്ട് നഷ്ടപ്പെടുമെന്നും മുകളിലത്തെ നിലയിലേക്ക് കയറുവാൻ സാധിക്കാത്ത അവസ്ഥ വരുമെന്നതിനാൽ വീടും സ്ഥലവും മുഴുവനായും ഏറ്റെടുക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ടി വിഷയം സംബന്ധിച്ച് സ്ഥലപരിശോധന നടത്തിയിട്ടുള്ളതായും കക്ഷിയുടെ വസ്തുവിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ മുൻഭാഗത്തുള്ള പടിക്കെട്ട് ഏറ്റെടുക്കേണ്ടതായി വരുന്നുണ്ടെന്നും ആയത് ഏറ്റെടുത്ത് പൊളിച്ച് മാറ്റിയാലും മുകളിലത്തെ നിലയിലേക്ക് കയറുവാനായി പുതിയ പടിക്കെട്ട് കെട്ടുവാനുള്ള സ്ഥലം ലഭ്യമായതിനാൽ കെട്ടിടം

പൂർണ്ണമായി ഏറ്റെടുക്കേണ്ട ആവശ്യമില്ല എന്നും അർത്ഥനാധികാരി അറിയിച്ചിട്ടുണ്ട്. 2013 ലെ RFCTLARR ACT ന്റെ പരിധിയിൽ വരുന്ന എല്ലാവിധ നഷ്ടപരിഹാരങ്ങളും നിയമവിധേയമായി പരാതിക്കാരന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് പൊന്നുംവില ഓഫീസർ അറിയിച്ചിട്ടുള്ളതാണ്.

തൽപരകക്ഷിയുടെ ആക്ഷേപം പരിഗണിച്ച് 2013 ലെ RFCTLARR ACT ന്റെ പരിധിയിൽ വരുന്ന എല്ലാവിധ നഷ്ടപരിഹാരങ്ങളും നിയമവിധേയമായി പരാതിക്കാർക്ക് ലഭ്യമാക്കുന്നതിന് പൊന്നുംവില ഓഫീസറും അർത്ഥനാധികാരിയും നടപടി സ്വീകരിക്കേണ്ട താണെന്ന് നിർദ്ദേശിച്ചുകൊണ്ട് പ്രാരംഭ വിജ്ഞാപനത്തിന്മേൽ ലഭ്യമായ ആക്ഷേപത്തി ന്മേൽ തീർപ്പ് കൽപ്പിക്കുന്നു. പൊതു ആവശ്യം പരിഗണിക്കുമ്പോൾ പ്രസ്തുത ഭൂമി പദ്ധതിക്ക് അനുയോജ്യമായതിനാലും പ്രദേശത്തിന്റെ സമഗ്ര വികസനത്തിനും, പൊതു ജനങ്ങൾക്ക് സുഗമമായ റോഡ് യാത്രാ സൌകര്യം ഒരുക്കുന്നതിനും അനിവാര്യമായതിനാലും പ്രാഥമിക വിജ്ഞാപന പ്രകാരമുള്ള ഏകദേശം 0.5550 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് RFCTLARR ACT 2013 സെക്ഷൻ 15(3) പ്രകാരം തീരുമാനിച്ചു കൊണ്ടും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
ജില്ലാ കളക്ടർ (I/C)

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി റോഡ്സ് ഡിവിഷൻ, തിരുവനന്തപുരം
3. സ്പെഷ്യൽ തഹസിൽദാർ, എൽ.എ (ജനറൽ) തിരുവനന്തപുരം ( പരാതി കക്ഷിയെ നടപടി വിവരം അറിയിക്കേണ്ടതാണ്)
4. എൻ.ഐ.സി. ഓഫീസർക്ക്-സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി (ക്യാപ്ഷൻ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്

*Engish – Land Acquisition– Improvements to Nedumangad-Aruvikkara-Vellanad Road-Reach-2 RFCTLARR Act-Section 15(3)-Appropriate Government Order.

*മലയാളം-പൊന്നുംവില- നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ്-റീച്ച്-2 പദ്ധതിയ്ക്കായുള്ള ഭൂമിയേറ്റെടുക്കൽ -2013 ലെ RFCTLARR ആക്ട് വകുപ്പ് 15(3) പ്രകാരമുള്ള സമുചിത സർക്കാർ ഉത്തരവ്

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടികളക്ടർ (എൽ.എ)